**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3348</u>** **<u>11-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>പരിസ്ഥിതിലോല മേഖലകളെ കണ്ടെത്തുന്നതിനുള്ള മാപ്പിംഗ് പ്രവർത്തനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പരിസ്ഥിതിലോല മേഖലകളെ കണ്ടെത്തുന്നതിനുള്ള മാപ്പിംഗ് പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | പരിസ്ഥിതി ലോല മേഖലകളെ കണ്ടെത്തുന്നതിനുള്ള മാപ്പിംഗ് പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>കോഴിക്കോട്</u> -** പ്രസ്തുത വിഷയം സംബന്ധിച്ച് വില്ലേജ് ഓഫീസർമാരുടെയും പഞ്ചായത്ത് പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിന്റെയും സാങ്കേതിക വിദഗ്ധരുടെയും റവന്യൂ വകുപ്പ് ജീവനക്കാരുടെയും യോഗം ചേരുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് തദ്ദേശസ്വയം ഭരണ വകുപ്പിന് നൽകിയിട്ടുള്ളതാണ്.<br><br>**<u>പാലക്കാട്</u>** - പരിസ്ഥിതിലോല മേഖലകളെ കണ്ടെത്തുന്നതിനുള്ള മാപ്പിംഗ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.<br><br>**<u>കണ്ണൂർ</u>** - ജില്ലയിൽ ഇരിട്ടി താലൂക്കിലെ ആറളം, കൊട്ടിയൂർ വില്ലേജുകളിലെയും തലശ്ശേരി താലൂക്കിലെ ചെറുവാഞ്ചേരി വില്ലേജിലെയും ESA ഭൂമിയുടെ അതിർത്തി പരിശോധനക്കായി നിശ്ചയിച്ച ടീമംഗങ്ങൾ പരിശോധന പൂർത്തിയാക്കിയിട്ടുള്ളതാണ്. ആറളം, കൊട്ടിയൂർ വില്ലേജുകളിലെ പരിശോധനയിൽ പട്ടയ ഭൂമികളൊന്നും തന്നെ ഉൾപ്പെട്ടിട്ടില്ല. എന്നാൽ കൊട്ടിയൂർ വില്ലേജിന്റെ അതിർത്തി രേഖപ്പെടുത്തിയതിൽ മാറ്റം വരുത്തിയിട്ടുള്ളതും ആയത് ശരിയാംവണ്ണം മാപ്പിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ചെറുവാഞ്ചേരി വില്ലേജിലെ ESA അതിർത്തിക്കുള്ളിൽ ഉൾപ്പെട്ട ജനവാസ മേഖലകൾ ഒഴിവാക്കി ആയത് മഞ്ഞ നിറത്തിൽ അടയാളപ്പെടുത്തുകയും വനഭൂമി വെള്ള |

| | | | |
|---|---|---|---|
| | | | നിറത്തിൽ അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മാറ്റം വരുത്തിയ കെ. എം. എൽ.ഫയലുകളും ഇരിട്ടി, തലശ്ശേരി തഹസിൽദാർമാരുടെ റിപ്പോർട്ടുകളും 05.09.2023 ന് ജില്ലാ കലക്ടർമാരുടെയും വി എസ് എൽ ഡി സി യുടെയും യോഗതീരുമാനങ്ങൾ പ്രകാരം പ്രസ്തുത കെ എം എൽ ഫയലുകൾ ജില്ലാ തല പരിശോധനാ സമിതിക്ക് അയച്ചു കൊടുത്തിട്ടുണ്ട്. തുടർന്ന് 28.12.2023 ന് ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ കൂടിയ ജില്ലാ തല പരിശോധനാ സമിതി ഇ എസ് എ ഭൂമി സംബന്ധിച്ചുള്ള കരട് മാപ്പിന് അന്തിമ അംഗീകാരം നൽകുകയും ആയത് 02.01.2024 ന് പരിസ്ഥിതി വകുപ്പിന് അയച്ചു കൊടുത്തിട്ടുള്ളതുമാണ്.<br><br>**<u>ഇടുക്കി</u>** - 28/11/2023 ൽ കെ എം എൽ ഫയൽ കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ സൂക്ഷ്മപരിശോധന നടത്തുകയും, 08/01/2024 ൽ ബന്ധപ്പെട്ട ജില്ലാ ഉദ്യോഗസ്ഥർ ഹാജരാക്കിയ ലിത്തോ മാപ്പുകളുടെയും റവന്യൂ റിക്കാർഡുകളുടെയും അടിസ്ഥാനത്തിൽ വില്ലേജുകളുടെ അതിർത്തി കെ എം എൽ ഫയൽ ഗൂഗിൾ എർത്തിന്റെ സഹായത്താൽ തയ്യാറാക്കിയത് 29/01/24-ന് പരിസ്ഥിതി വകുപ്പിന് സമർപ്പിച്ചിട്ടുള്ളതുമാണ്.<br><br>**<u>എറണാകുളം</u>** - കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ വില്ലേജിൽ ESA ആയ 519.28 ച.കി.മീ ഏരിയയിൽ നിന്നും ജനവാസമേഖല പ്രദേശങ്ങൾ ഒഴിവാക്കിയ ശേഷം 479.74 ച.കി.മീ ഏരിയ പരിസ്ഥിതി സംവേദ പ്രദേശമായി അംഗീകരിച്ചിട്ടുള്ളതാണ്.<br><br>**<u>പത്തനംതിട്ട</u>** - ആകെ 1317.01 ച.കി.മീ ആണ് പരിസ്ഥിതി സംവേദ മേഖലയായി ശുപാർശ ചെയ്തിട്ടുള്ളത്. ജില്ലയിലെ 7 പരിസ്ഥിതി ലോല വില്ലേജുകളുടെ ആകെ വിസ്തീർണ്ണം 1551.79 ച.കി.മീ ഉം, ടി വില്ലേജുകളുടെ പരിസ്ഥിതി സംവേദ മേഖല 1317.01 ച.കി.മീ ഉൾപ്പെട്ടു വന്നിട്ടുള്ളതുമാണ്.<br><br>**<u>തിരുവനന്തപുരം</u>** - പരിസ്ഥിതി സംവേദ വില്ലേജുകളുടെ (ഇ.എസ്.എ) അന്തിമ വിജ്ഞാപനവുമായി ബന്ധപ്പെട്ട് 10.01.2024 നു ജില്ലാ കളക്ടറേറ്റിൽ മീറ്റിംഗ് കൂടിയതിൽ, ജനവാസ മേഖലകൾ ഒഴിവാക്കി ഇ.എസ്.എ ആയി നിജപ്പെടുത്തേണ്ട പ്രദേശത്തെ സംബന്ധിച്ച് അന്തിമമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ Shape file പരിസ്ഥിതി ഡയറക്ടർക്ക് അയച്ചു നല്കിയിട്ടുള്ളതാണ്. |
| (ബി) | ജനങ്ങളുടെ ജീവനോപാധികളെയും പാർപ്പിട അവകാശങ്ങളെയും കുറിച്ചുള്ള ആവശ്യങ്ങളും | (ബി) | പരിസ്ഥിതി ലോല പ്രദേശങ്ങൾ / Eco Sensitive Areas (ESA) വില്ലേജുകളുടെ നിർണ്ണയവുമായി |

| | | | |
|---|---|---|---|
| | പരാതികളും ഇതിൽ പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല പരിശോധന സമിതി വില്ലേജ്-വനാതിർത്തികൾ പരിശോധിച്ച ജനവാസമേഖലകൾ ഒഴിവാക്കി ESA ആയി നിജപ്പെടുത്തേണ്ട പ്രദേശങ്ങളെ സംബന്ധിച്ച് വ്യക്തത വരുത്തി, ആയതുപ്രകാരം പരിസ്ഥിതി വകുപ്പ് തയാറാക്കിയ കരട് shape/kml ESA ഫയൽ പുനഃനിർണ്ണയിക്കുകയുണ്ടായി. പ്രസ്തുത രേഖകളിന്മേൽ അവസാനഘട്ട പരിശോധനകൾക്കും പൊതുജനങ്ങളുടെ അഭിപ്രായ സമാഹരണത്തിനും ശേഷം ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമമാക്കുന്നതിലേക്കുള്ള അവസാന നടപടി ക്രമത്തിൻറെ ഭാഗമായി ഈ രേഖകൾ എല്ലാ പഞ്ചായത്തുകളിലും 2024 മാർച്ച് മാസം കൈമാറി. അതുപ്രകാരം പഞ്ചായത്തുകളിൽ നിന്നുള്ള അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തിയ പുതുക്കിയ റിപ്പോർട്ട് 2024 നവംബർ 02-ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഇടുക്കി, വയനാട് പാക്കേജുകളിലെ നിർദ്ദേശങ്ങളിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാമാക്കുമോ? | (സി) | ചോദ്യം വ്യക്തമല്ല. |

സെക്ഷൻ ഓഫീസർ